# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3470.

11-12-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷിയുടെ വിസ്തീർണ്ണം

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള', പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതി, പ്രത്യേക കാർഷിക മേഖലാ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്.<br>നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500/- രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000/- രൂപയും കരനെൽ കൃഷിക്ക് 13600/- രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലങ്ങളിൽ നെൽകൃഷി പ്രാവർത്തികമാക്കുന്നതിനായി ഹെക്ടറൊന്നിനു ഒന്നാം വർഷം 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ |

| | | | |
|---|---|---|---|
| | | | ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള' പ്രകാരം ഹെക്ടറൊന്നിന് പരമാവധി 4500/- രൂപയുടെ ധനസഹായം നൽകുന്നു.<br>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ട-ങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും ലഭിക്കും. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും, പവർ സ്പ്രേയറിന് 3000/- രൂപയും, വീന്നോവറിന് 10000/- രൂപയും സബ്സിഡി നൽകുന്നു. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകുന്നു.<br>സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യത-കളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയുള്ള അടിസ്ഥാനസൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു.<br>കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനു കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം) നിലവിൽ ഉണ്ട്. |
| (ബി) | ഇതനുസരിച്ച് നെൽകൃഷിയുടെ വിസ്തീർണ്ണം എത്ര ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2016-17 ൽ 171398 ഹെക്ടറായിരുന്ന നെൽകൃഷിയുടെ വിസ്തൃതി പദ്ധതികളുടെ നടത്തിപ്പിന്റെയും കൃത്യമായ ഇടപെടലുകളുടെയും ഫലമായി 2017-18 ൽ 220449 ഹെക്ടറായി വർദ്ധിച്ചു. 2018-19 സാമ്പത്തിക വർഷം അത് 224000 ഹെക്ടറായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇതിനായി കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (സി) | വിസ്തൃതി വർദ്ധിപ്പിക്കാൻ സ്വീകരിച്ചിരുന്ന മാർഗ്ഗം തരിശുകിടക്കുന്ന മുഴുവൻ നെല്പാടങ്ങളും ഘട്ടം ഘട്ടമായി കൃഷി ചെയ്യിപ്പിക്കുകയും കര നെൽ കൃഷി ചെയ്യുകയുമാണ്. കരനെൽ കൃഷിക്ക് ഹെക്ടറിനു 13600/- രൂപ സബ്സിഡിയായി നൽകുന്നു.<br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. പ്രസ്തുത പദ്ധതി പ്രകാരം 2016-17 ൽ 2782.3857 ഹെക്ടറും 2017-18 ൽ 5485.686 ഹെക്ടറും തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്തു. |

| | | | |
|---|---|---|---|
| | | | തരിശു ഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിൽ അനുഭവപ്പെടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം പാട്ടച്ചീട്ടിന്റെ അഭാവമായിരുന്നു. കഴിഞ്ഞ രണ്ടു വർഷവും ചെയ്തപോലെ ഈ വർഷവും പാട്ടക്കരാർ ഉടമ്പടി വയ്ക്കാൻ വിമുഖത കാണിക്കുന്ന ഭൂവുടമകൾക്കും പാട്ടകർഷകർക്കും കൃഷിഉദ്യോഗസ്ഥരുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട നിർദ്ദിഷ്ട ആനുകൂല്യം നൽകാവുന്നതാണ് എന്ന് കൃഷി ഡയറക്ടർ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ